നം:78/3 LLB/TA 2/ CEE.

**കേരളസർക്കാർ**

**പ്രവേശനപരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695 001**

# വിജ്ഞാപനം

## സർക്കാർ ലോ കോളേജുകളിലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് – 2011-12

കേരളത്തിലെ 4 ഗവണ്മെന്റ് ലോ കോളേജുകളിലെ 2011-12 വർഷത്തെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 2011 ഡിസംബർ മാസം 9- ാം തീയതി വെള്ളിയാഴ്ച ആരംഭിക്കുന്നതാണ്.

2011 ഡിസംബർ 9- ാം തീയതി മുതൽ 15 – ാം തീയതി വൈകുന്നേരം 5 മണി വരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.**

അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 09-12-2011 | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാകുന്നു |
| 15-12-2011 (5 pm) | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| 16-12-2011 | ഒന്നാം ഘട്ട അലോട്ട്മെന്റ് |
| 19-12-2011 to 20-12-2011 | അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| 21-12-2011 (4 pm ) | കോളേജുകൾ നോൺ ജോയിനിംഗ് റിപ്പോർട്ട് നൽകണം |
| 23-12-2011 (10 am) | ഓപ്ഷൻ ക്യാൻസൽ ചെയ്യുന്നതിന് സൗകര്യം സജ്ജമാകുന്നു |
| 24-12-2011 (5 pm) | ഓപ്ഷൻ ക്യാൻസൽ ചെയ്യുന്നതിന് സൗകര്യം അവസാനിക്കുന്നു |
| 26-12-2011 | രണ്ടാം ഘട്ട / അവസാന ഘട്ട അലോട്ട്മെന്റ് |
| 28-12-2011 to 29-12-2011 | അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| 30-12-2011 (4 pm) | കോളേജുകൾ നോൺ ജോയിനിംഗ് റിപ്പോർട്ട് നൽകണം |

സർക്കാർ ലോ കോളേജുകൾ

| നം. | കോളേജ് | കോഴ്സ് കോഡ് | കോളേജ് കോഡ് | സീറ്റ് |
|---|---|---|---|---|
| 1 | ഗവണ്മെന്റ് ലോ കോളേജ്, തിരുവനന്തപുരം | L3 | TVL | 100 |
| 2 | ഗവണ്മെന്റ് ലോ കോളേജ്, എറണാകുളം | L3 | EKL | 100 |
| 3 | ഗവണ്മെന്റ് ലോ കോളേജ്, തൃശ്ശൂർ | L3 | TCL | 100 |
| 4 | ഗവണ്മെന്റ് ലോ കോളേജ്, കോഴിക്കോട് | L3 | KKL | 100 |

ഫീസ്

ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ് അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽത്തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് ലെറ്റർ
3. എസ്.എസ്.എൽ.സി / ജനന തീയതി തെളിയിക്കുന്നതിനുള്ള മറ്റു രേഖകൾ.
4. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും, പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും (വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ളത്)
6. രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
7. സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നോ, ബോർഡുകളിൽ നിന്നോ പരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

*നിർദ്ദിഷ്ട തീയതികൾക്കുള്ളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളെ തുടർന്നു നടത്തുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല.*

അലോട്ട്മെന്റ് ലഭിക്കുന്നവർ പ്രോസ്പെക്ടസ് നിബന്ധന 6 പ്രകാരമുള്ള അടിസ്ഥാന യോഗ്യത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 -2339101, 2339102, 2339103, 2339104
(രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെ)

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

07/12/2011